നം. ഇ.എസ്2-70384/2020/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 28/09/2020

# നോട്ടീസ്

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – ക്ലാർക്കുമാരുടെ 8/90 മുതൽ 12/93 വരെയുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിലെ തന്റെ സ്ഥാനം പുനഃക്രമീകരിക്കുന്നതിന് കിഴക്കോത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്കായ ശ്രീ. സിദ്ധിഖ്. കെ. കെ നൽകിയ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്-

സൂചന : 1. നമ്പർ. എ2-16441/2019/ജി.മെ. ഒ(ആ), കോഴിക്കോട്, തീയതി. 04.11.2019

2. Adv.No. M(R )3 1211/88/KPSC,Mlpm, Dated: 14.12.1990

3. ഉത്തരവ് നം. എ/1260/90, തീയതി. 31.12.1990 ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, പൊന്നാനി

4.ഉത്തരവ് നം. എ1-7289/91(2), തീയതി. 09.04.1991 ഡയറക്ടർ ഓഫ് ഫിഷറീസ്,തിരുവനന്തപുരം

5. ഉത്തരവ് നം. എ/1266/91, തീയതി. 17.04.1991 ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, പൊന്നാനി

6. Adv.No. M(R )3 1211/88-3/KPSC,Mlpm, Dated: 12.09.1991

7. ഉത്തരവ് നം. എ1-8126/90/ജി. മെ. ഒ(ആ), മഞ്ചേരി, തീയതി. 25.11.1991

8. ഉത്തരവ് നം. എ1-8126/90/ജി. മെ. ഒ(ആ), മഞ്ചേരി, തീയതി. 07.06.1994

9. ഉത്തരവ് നം. എ1-8123/90/ജി. മെ. ഒ(ആ), മഞ്ചേരി, തീയതി. 17.07.1995

10. L.DIS(ED1) 110369/98/DHS, Dated: 12.03.1999

11. ഉത്തരവ് നം. Special Cell/ED(S) 27851/94/DHS, Dated: 29.03.1995

12. ഉത്തരവ് നം. ED1-83861/2001/DHS, Dated: 14.03.2002

08/90 മുതൽ 12/93 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ എൽ.ഡി ക്ലാർക്കുമാരുടെ സൂചന 11 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്കായ ശ്രീ. സിദ്ധിഖ്. കെ. കെ യ്ക്ക് നൽകിയിട്ടുള്ള സ്ഥാനം പുനഃക്രമീകരിക്കുന്നതിനും ടിയാന് അർഹതയുള്ള പ്രൊമോഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുമായി ടിയാൻ സമർപ്പിച്ച അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട് സൂചന 1 പ്രകാരം അയച്ചുതന്നിരിക്കുന്നു.

ശ്രീ. സിദ്ധിഖ്. കെ. കെ സൂചന 2, 3 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ്. ഫിഷറീസ്, പൊന്നാനി, മലപ്പുറം ജില്ലാ കാര്യാലയത്തിൽ എൽ. ഡി ക്ലാർക്കായി 08.01.1991 ൽ ജോലിയിൽ പ്രവേശിച്ചു. എന്നാൽ ഫിഷറീസ് വകുപ്പിൽ നിന്നും ജൂനിയർ ഡിപ്ലോമ കോഴ്സിന് പോയ ജീവനക്കാർ കോഴ്സ് പൂർത്തിയാക്കി തിരിച്ച് വന്നപ്പോൾ ശ്രീ. സിദ്ധീഖ്. കെ. കെ. യെ നിലനിർത്തുവാൻ ഒഴിവ് ഇല്ലാതാകുകയും ചെയ്ത സാഹചര്യത്തിൽ സൂചന 4, 5 പ്രകാരം ടിയാനെ ഫിഷറീസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു(Thrown out).

സൂചന 6 പ്രകാരം പി. എസ്. സി മലപ്പുറം ശ്രീ. സിദ്ധിഖ്. കെ. കെ. യെ ആരോഗ്യ വകുപ്പിലേക്ക് ശുപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 06.12.1991 ന് പ്രൈമറി ഹെൽത്ത് സെന്റർ, കുഴിമണ്ണയിൽ എൽ.ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. സൂചന 7, 8 പ്രകാരം സർവ്വീസ് റെഗുലറൈസ് ചെയ്യുകയും 13.07.1994 ന് പ്രൊബേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 07/94 ൽ എം. ഒ. പിയും 12/97 ൽ അക്കൗണ്ട് ടെസ്റ്റ് (L & H) പാസ്സായിട്ടുണ്ട്.

ആരോഗ്യ വകുപ്പിലേക്ക് ടിയാനെ പി. എസ്. സി ശുപാർശ ചെയ്ത തീയതിയായ 12.09.1991 പരിഗണിച്ച് സൂചന 11 പ്രകാരം പ്രസിദ്ധീകരിച്ച 08/90 മുതൽ 12/93 വരെയുള്ള എൽ.ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാന് റാങ്ക് നമ്പർ 129 നൽകിയിട്ടുണ്ട്.

സൂചന 12 പ്രകാരം ശ്രീ. സിദ്ധിഖ്. കെ. കെ യ്ക്ക് 17.06.2002 ന് അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. യു. ഡി. ക്ലാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് മുൻപേ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയതിനാൽ സീനിയോറിറ്റി സംരക്ഷിച്ചുനൽകിയിട്ടില്ല.

KS&SR റൂൾ 27 പ്രകാരം ശ്രീ. സിദ്ധിഖ്. കെ. കെ യ്ക്ക് ഫിഷറീസ് വകുപ്പിലേക്ക് ശുപാർശ ചെയ്ത തീയതിയായ 14.12.1990 പരിഗണിച്ച് 08/90 മുതൽ 12/93 എൽ. ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. സിദ്ധിഖ്. കെ. കെ. യ്ക്ക് 68 A എന്ന താൽക്കാലിക സ്ഥാനം നൽകി ഇതിനാൽ നോട്ടീസ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Date of Reckoned for seniority | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|---|
| 1 | K. B. BEENA | 31.05.1969 | 05.07.1991 | G.O.(Rt)3727/90/H & FWD, Dated: 12.12.1990 | 12.12.1990 | 68 | - | |
| 2 | SIDDEEKH. K. K | 01.03.1967 | 06.12.1991 | Adv.No. M(R )3 1211/88/KPSC,Mlpm, Dated: 14.12.1990 | 14.12.1990 | 129 | 68 A | |
| 3 | D. SUNIL KUMAR | 28.04.1970 | 15.07.1991 | G.O.(Rt)3811/90/H & FWD, Dated: 18.12.1990 | 18.12.1990 | 69 | - | |

ഈ നോട്ടീസിന്മേൽ പരാതികളെന്തെങ്കിലും ഉള്ളപക്ഷം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം രേഖാമൂലം നൽകേണ്ടതാണ്. അല്ലാത്തപക്ഷം പരാതികളൊന്നും ഇല്ലായെന്ന നിഗമനത്തിൽ നോട്ടീസ് അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഒപ്പ്/-

കുമാരി. ബീന. വി. റ്റി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. സിദ്ധിഖ്. കെ. കെ

ക്ലാർക്ക്, പ്രാഥമികാരോഗ്യ കേന്ദ്രം, കിഴക്കോത്ത്

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

നം. ഇ.എസ്2- /2020/ആ.വ.ഡ